കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -സർക്കാർ അപ്പർ പ്രൈമറി-ലോവർ പ്രൈമറി സ്കൂളുകൾക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി നൽകിയത് എയിഡഡ് പ്രൈമറി സ്കൂളുകൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ (സാധ) നം: 994/2012/തസ്വഭവ                തിരുവനന്തപുരം, തീയതി:30/3/2012

---

**പരാമർശം:-** 1. സ.ഉ (സാധാ) നം. 679/12/തസ്വഭവ തീയതി: 6/3/2012.

2. സ.ഉ (സാധാ) നം. 801/12/തസ്വഭവ തീയതി: 19/3/2012.

3. സ.ഉ (സാധാ) നം. 885/12/തസ്വഭവ തീയതി: 26/3/2012.

4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28/3/12-ലെ 3.33 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

പരാമർശം (2) സർക്കാർ ഉത്തരവുപ്രകാരം പദ്ധതി വിഹിതത്തിൽ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും വിഹിതം കണ്ടെത്തി സർക്കാർ അപ്പർ പ്രൈമറി സ്കൂളുകൾക്ക് പരമാവധി 1,85,000/- ( ഒരു ലക്ഷത്തി എൺപത്തയ്യായിരം) രൂപയിലും സർക്കാർ ലോവർ പ്രൈമറി സ്കൂളുകൾക്ക് 1,35,000/- (ഒരു ലക്ഷത്തി മുപ്പത്തയ്യായിരം) രൂപയിലും അധികമാകാത്ത തുകയ്ക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവ് എയിഡഡ് സ്കൂളുകൾക്ക് കൂടി ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട് പല സംഘടനകളും നിരവധി നിവേദനങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 28/3/12-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതി പ്രസ്തുത നിർദ്ദേശം പരാമർശം (4) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് എയിഡഡ് അപ്പർ പ്രൈമറി-ലോവർ പ്രൈമറി സ്കൂളുകൾക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

ഗവ.അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ നഗരസഭാസെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ (പഞ്ചായത്തും സമൂഹ്യക്ഷേമവും) വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും) വകുപ്പ് മന്ത്രിയുടെ പി.എസ്.